ENGLISH SCORE:40 MARKS

230

# ST.JOSEPH'S GHSS CHANGANACHERRY
## SSLC SECOND MODEL EXAMINATION
## MALAYALAM – 11

Time:1.30 hrs

Score:40

ഒന്നു മുതൽ നാലുവരെ ചോദ്യങ്ങൾക്ക് ഒരു സ്കോർ വീതം (1x4=4)

1. 'മൂന്ന് പതിറ്റാണ്ടായി നുള്ളുകോർത്ത് കഴിഞ്ഞുപോയ കണ്ണുകൾ' ആരെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത്?
2. 'ഉണ്ണിസഞ്ചി ഉറന്ന് ചാക്കണ്ണി റേഡിയോയെ തൊട്ടുനോക്കി.' അടിവരയിട്ട പദം വിഗ്രഹിച്ചെഴുതുക.
3. "കൊച്ചചക്കരച്ചി വീഴില്ല വീണാലും അവൾ ആപത്തുവരുത്തുകയില്ല." ഇവിടെ തെളിയുന്ന അമ്മയുടെ മനോഭാവം എന്ത്?
4. ഓണത്തപ്പനെവരവേല്ലാൻ വെള്ളിത്താലമെടുത്ത് നിൽക്കുന്നതാര്?

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. (2x2=4)

5. ആരുവായിക്കുമീ മായുമെഴുത്തുകൾ
ആരുടെ നാവിലുയിർക്കുമീച്ചൊല്ലുകൾ
ഈ വരികളുടെ ഭാഷാപരമായ രണ്ടു പ്രത്യേകതകൾ എഴുതുക.
6. മത്തായിയുടെ വീട്ടിൽ സകല വായും അടച്ചുപൂട്ടി മുദ്രവച്ചിരിക്കുകയാണ്. അടിവരയിട്ട പ്രയോഗത്തിനു ലഭിക്കുന്ന അർത്ഥസാധ്യതയെന്ത്?

ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (4x5=20)

7. "മുകളിൽ നിന്ന് കീഴോട്ടൂർന്നിറങ്ങുന്ന മർക്കോസും താഴെ നിന്ന് മേലോട്ടു വളരുന്ന മത്തായിയും അയൽക്കാരായി പാർത്തു. മർക്കോസിൻ്റെ പറമ്പുചെറുതായി. വന്നുകേറിയവൻ്റെ വീതം വലുതും." മർക്കോസിൻ്റെയും മത്തായിയുടെയും ജീവിതാവസ്ഥകളിൽ വന്നു ചേരുന്ന മാറ്റം അവതരിപ്പിക്കാൻ ഇത്തരം പ്രയോഗങ്ങൾക്കു കഴിയുന്നുണ്ടോ? സ്വാഭിപ്രായം സമർത്ഥിക്കുക.
8. മാനുഷികഭാവങ്ങൾ പ്രകൃതിയിൽ ആരോപിച്ചിരിക്കുന്നതിന് അനേകം ഉദാഹരണങ്ങൾ 'കൊച്ചചക്കരച്ചി' എന്ന ലേഖനത്തിലുണ്ട്. കണ്ടെത്തി വിശദീകരിക്കുക.
9. ചമൽക്കാരഭംഗി കണ്ടെത്തുക.

"നീളും മലയുടെ ചങ്ങലവട്ടയിൽ
നാളം പാടലവിരലാൽ നീട്ടിയു-
മോമൽക്കവിളു തുടുത്തും തെല്ലൊരു
നാണത്തോടു പതുങ്ങിയൊരുങ്ങിട്ടു-
മോണക്കോടിയുടുത്തൊരുഷസ്സേ."

10. നഷ്ടപ്പെടുന്ന നാടോടിസംസ്കാരത്തെക്കുറിച്ചുള്ള കവിയുടെ ദുഃഖം 'ഓണമുറ്റത്ത്' എന്ന കവിതയിൽ പ്രകടമാണോ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.
11. ഒരുമയുടെയും സമഭാവനയുടെയും സന്ദേശമാണ് ഓണാഘോഷത്തിൻ്റെ അകക്കാമ്പ്. ഈ പ്രസ്താവന വർത്തമാനകാലത്ത് പ്രസക്തമാണോ?
കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

(6x2=12)

ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

12. "നന്മകളാൽ സമൃദ്ധമായ നാട്ടിൻപുറമാണ് കാരൂർ കഥകളുടെ പശ്ചാത്തലം." ഈ പ്രസ്താവന 'കോഴിയും കിഴവിയും' എന്ന കഥയ്ക്ക് എത്രത്തോളം ഇണങ്ങുന്നുണ്ട്? പരിശോധിച്ച് കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.
13. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ആത്മബന്ധത്തിൻ്റെ ഹൃദ്യമായ ആവിഷ്കാരമാണ് 'കൊച്ചചക്കരച്ചി' പാഠഭാഗം. വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.